**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 379** **27-06-2022 - ൽ മറുപടിയ്ക്ക്**

**മയക്കുമരുന്ന് - അബ്കാരി കേസുകളുടെ വർധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മയക്കുമരുന്ന്, അബ്കാരി കേസുകൾ വർധിച്ചുവരുന്നു എന്ന സ്റ്റേറ്റ് പോലീസ് ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; | (എ) | ഉണ്ട്.<br><br>സ്റ്റേറ്റ് പോലീസ് ക്രൈം റെക്കോർഡ്സ് ബ്യൂറോ എക്സൈസ് വകുപ്പിന് ലഭ്യമാക്കിയ കണക്കുകൾ പ്രകാരം 2020-ൽ 9569 അബ്കാരി കേസുകളും 4968 എൻ.ഡി.പി.എസ് കേസുകളും, 2021-ൽ 12109 അബ്കാരി കേസുകളും 5680 എൻ.ഡി.പി.എസ് കേസുകളും, 2022 ഏപ്രിൽ മാസം വരെ 9917 അബ്കാരി കേസുകളും 8294 എൻ.ഡി.പി.എസ് കേസുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ വർഷം രജിസ്റ്റർ ചെയ്ത മയക്കുമരുന്ന് കേസുകളെക്കാൾ കൂടുതൽ മയക്കുമരുന്ന് കേസുകൾ ഈ വർഷം ഇതുവരെ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | 2021-ൽ 3922 എൻ.ഡി.പി.എസ് കേസുകളും 2022 മെയ് മാസം വരെ 1910 എൻ.ഡി.പി.എസ്. കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) | മയക്കുമരുന്ന് മാഫിയയുടെ ഒരു പ്രധാന കേന്ദ്രമായി കേരളം മാറുന്ന അവസ്ഥ ഒഴിവാക്കുവാൻ കർശന നടപടി സ്വീകരിക്കുമോ? | (സി) | മയക്കുമരുന്ന് മാഫിയയുടെ പ്രധാന കേന്ദ്രമായി കേരളം മാറുന്ന അവസ്ഥ ഉള്ളതായി വിലയിരുത്തിയിട്ടില്ല. എന്നാൽ മയക്കുമരുന്ന് വ്യാപനം തടയുന്നതിന് കർശന നടപടി സ്വീകരിക്കും. |

സെക്ഷൻ ഓഫീസർ